ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 10.12.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഇന്ത്യയുടെ സാംസ്കാരിക ദേശീയതയെ ഉണർത്തിയ മന്ത്രമാണ് വന്ദേമാതരമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   **Vande Mataram awakened cultural nationalism in the country; says Home Minister Amit Shah.**

2. രാജ്യത്ത് മുമ്പും നിരവധി തവണ തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണം നടത്തിയിരുന്നതായി കേന്ദ്ര നിയമമന്ത്രി അർജുൻ റാം മേഘ്വാൾ.

   **Union Law and Justice Minister Minister Arjun Ram Meghwal stated that the country has previously undergone multiple rounds of intensive electoral roll revisions.**

3. ഇന്ന് അന്താരാഷ്ട്ര മനുഷ്യാവകാശ ദിനം. ന്യൂഡൽഹിയിൽ നടക്കുന്ന മനുഷ്യാവകാശ ദിന പരിപാടികളിൽ രാഷ്ട്രപതി ദ്രൗപദി മുർമ്മു മുഖ്യാതിഥിയായി പങ്കെടുക്കും.

Today marks International Human Rights Day. President Droupadi Murmu to attend the Human Rights Day events in New Delhi as the chief guest.

4. ഇൻഡിഗോയുടെ ശൈത്യകാല വിമാന സർവീസുകൾ 10 ശതമാനം കുറയ്ക്കാൻ ഡിജിസിഎ നിർദേശം.

DGCA directs IndiGo to reduce its winter schedule operations by 10 per cent

5. കേരളത്തിൽ തദ്ദേശ തെരഞ്ഞെടുപ്പിന്റെ ഒന്നാം ഘട്ട വോട്ടെടുപ്പിൽ 70.91 ശതമാനം പോളിങ്. രണ്ടാംഘട്ട വോട്ടെടുപ്പ് നാളെ.

70.91% voter turnout recorded in the first phase of local body elections in Kerala; the second phase of polling to be held tomorrow.

6. ഇന്ത്യ-ദക്ഷിണാഫ്രിക്ക ട്വന്റി- ട്വന്റി പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്കു ജയം.

India wins the first match of the India–South Africa T20 series.

❁❁❁❁❁❁❁❁❁❁❁❁❁

## VANDE MATARAM(INTRO)

ഇന്ത്യയുടെ സാംസ്കാരിക ദേശീയതയെ ഉണർത്തിയ മന്ത്രമാണ് വന്ദേമാതരം എന്നും

സ്വാതന്ത്ര്യസമരകാലത്തെന്നപോലെ ഇന്നും വന്ദേമാതരം പ്രസക്തമാണെന്നും കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ . രാജ്യസഭയിൽ വന്ദേ മാതരത്തിൻറെ 150-ാം വാർഷികത്തെക്കുറിച്ചുള്ള ചർച്ചയ്ക്ക് തുടക്കം കുറിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ദേശീയ ഗീതമായ 'വന്ദേ മാതരം' ത്യാഗത്തിൻറെയും രാജ്യസ്നേഹത്തിന്റെയും ദേശീയ ബോധത്തിൻറെയും പ്രതീകമായി മാറിയെന്നും ശ്രീ ഷാ പറഞ്ഞു.

**(HOLD VOICE)**

സ്വാതന്ത്ര്യസമര കാലത്ത് കോൺഗ്രസ് വന്ദേമാതരത്തെ മുദ്രാവാക്യമാക്കി മാറ്റിയതായി ചർച്ചയിൽ പങ്കെടുത്തുകൊണ്ട് രാജ്യസഭാ പ്രതിപക്ഷ നേതാവ് മല്ലികാർജ്ജുൻ ഖർഗേ പറഞ്ഞു.

**(HOLD VOICE)**

വന്ദേമാതരം രാജ്യത്തെ ഇന്നും ഏകീകരിക്കുന്നതായി മുൻ പ്രധാനമന്ത്രിയും ജെഡി (എസ്) നേതാവുമായ എച്ച്.ഡി. ദേവഗൗഡ പറഞ്ഞു.

## LS-DISCUSSION ELECTIONS

രാജ്യത്ത് ഇതിന് മുമ്പും നിരവധി തവണ തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണം നടത്തിയിരുന്നതായി കേന്ദ്ര നിയമമന്ത്രി അർജുൻ റാം മേഘ്വാൾ. സ്വാതന്ത്ര്യാനന്തരം

എല്ലാവർക്കും തുല്യ വോട്ടവകാശം ലഭിച്ചിട്ടുണ്ടെന്ന് പറഞ്ഞ അദ്ദേഹം രാജ്യത്തിന്റെ വോട്ടിംഗ് ഘടനയെ പ്രശംസിച്ചു. ഡോ. ബി.ആർ. അംബേദ്കർ മുന്നോട്ടുവച്ച തത്വങ്ങൾക്കനുസൃതമായാണ് രാജ്യത്തെ തിരഞ്ഞെടുപ്പ് പ്രക്രിയ നടക്കുന്നതെന്നും ശ്രീ മേഘ് വാൾ പറഞ്ഞു.

തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങളെക്കുറിച്ച് സംസാരിച്ച ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി വോട്ടർ പട്ടികയിലെ ഡ്യൂപ്ലിക്കേറ്റ് വോട്ടർമാരുടെ വിഷയം ഉന്നയിച്ചു. കോൺഗ്രസിന്റെ മനീഷ് തിവാരി, സമാജ്‌വാദി പാർട്ടി നേതാവ് അഖിലേഷ് യാദവ്, ശിവസേനയുടെ ശ്രീകാന്ത് ഷിൻഡെ എന്നിവരുൾപ്പെടെ നിരവധി അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു. തിരഞ്ഞെടുപ്പ് പരിഷ്കരണങ്ങളെക്കുറിച്ചുള്ള ചർച്ച ഇന്നും ലോക്സഭയിൽ നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**LSG POLL 1(INTRO)**

സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിന്റെ ഒന്നാം ഘട്ട വോട്ടെടുപ്പ് ഇന്നലെ സമാധാനപൂർണമായി അവസാനിച്ചു. ആകെ 70.91 ശതമാനം പോളിങ്ങാണ് രേഖപ്പെടുത്തിയത്.

***വിശദാംശങ്ങളിലേക്ക്...........***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

## LSG POLL 1(VOICE)

തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ഏഴു ജില്ലകളിലാണ് ഇന്നലെ വോട്ടെടുപ്പ് നടന്നത്. എറണാകുളം ജില്ലയിലാണ് കൂടുതൽ പോളിങ് രേഖപ്പെടുത്തിയത്, 74.57 ശതമാനം. കുറവ് പത്തനംതിട്ടയിൽ, 66.78 ശതമാനം. ഏഴു മണിക്ക് ആരംഭിച്ച വോട്ടെടുപ്പ് വൈകിട്ട് ആറു മണി വരെ നീണ്ടു. തിരുവനന്തപുരം ജില്ലയിൽ 67.47 ശതമാനവും കൊല്ലം ജില്ലയിൽ 70.35 ഉം, പോളിങ്ങാണ് രേഖപ്പെടുത്തിയത്. ആലപ്പുഴയിൽ 73.8, കോട്ടയത്ത് 70.86, ഇടുക്കിയിൽ 71.78 എന്നിങ്ങനെയാണ് മറ്റു ജില്ലകളിലെ പോളിങ്. ഒറ്റപ്പെട്ട അനിഷ്ട സംഭവങ്ങളൊഴിച്ചാൽ വോട്ടെടുപ്പ് പൊതുവേ സമാധാനപരമായിരുന്നു.

ന്യൂസ് ഡെസ്ക് ആകാശവാണി......

## LSG POLL 2

കേരളത്തിലെ 595 തദ്ദേശ സ്ഥാപനങ്ങളിലെ പതിനൊന്നായിരത്തിലധികം വാർഡുകളിലാണ് ഇന്നലെ വോട്ടെടുപ്പ് നടന്നത്. തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷനുകൾക്ക് പുറമേ 39 നഗരസഭകളിലും, 471 ഗ്രാമപഞ്ചായത്തുകളിലും, 75 ബ്ലോക്ക് പഞ്ചായത്തുകളിലും, 7 ജില്ലാപഞ്ചായത്തുകളിലുമാണ് വോട്ടെടുപ്പ് നടന്നത്.

## VOTTING

തദ്ദേശ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ട വോട്ടെടുപ്പ് സമാധാനപരമായിരിന്നുവെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ. സഹകരിച്ച മുഴുവൻ സമ്മതിദായകർക്കും, സ്ഥാനാർത്ഥികൾക്കും, രാഷ്ട്രീയ പാർട്ടികൾക്കും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ നന്ദി അറിയിച്ചു. അതോടൊപ്പം വോട്ടെടുപ്പ് സുഗമമാക്കാൻ പ്രയത്നിച്ച പോലീസ് ഉദ്യോഗസ്ഥർക്കും, മറ്റ് ഉദ്യോഗസ്ഥർക്കും കമ്മീഷൻ നന്ദി അറിയിച്ചു. രണ്ടാംഘട്ടത്തിലും എല്ലാവരുടേയും സഹകരണം കമ്മീഷണർ അഭ്യർത്ഥിച്ചു.

## REPOLLING

ആലപ്പുഴ, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് അമ്പലക്കടവ് വാർഡിലെ ഒന്നാം പോളിംഗ് ബൂത്തായ മണ്ണഞ്ചേരി ഗവൺമെന്റ് ഹൈസ്കൂളിൽ നാളെ റീപോളിംഗ് നടത്തും. വോട്ടിംഗ് മെഷീനിലെ തകരാറുമൂലം ഇന്നലെ വോട്ടെടുപ്പ് പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് രണ്ടാംഘട്ട വോട്ടെടുപ്പ് ദിവസമായ നാളെ റീപോളിംഗ് നടത്താൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചത്.

## SECOND PHASE CAMPAINING

തദ്ദേശ തിരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ടത്തിലേക്കുള്ള പരസ്യപ്രചാരണം ഇന്നലെ അവസാനിച്ചു. ഇന്ന് നിശബ്ദ പ്രചാരണമാണ്. തൃശൂർ മുതൽ കാസർകോട് വരെയുള്ള ഏഴ് ജില്ലകളിൽ നാളെയാണ് വോട്ടെടുപ്പ്. 604 തദ്ദേശ സ്ഥാപനങ്ങളിലെ 12,408 വാർഡുകളിലാണ് നാളെ വോട്ടെടുപ്പ് നടക്കുക. വോട്ടെടുപ്പ് നടക്കുന്ന ജില്ലകളിലെ സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾക്ക് നാളെ അവധിയാണ്. കേന്ദ്ര ജീവനക്കാർക്ക് വോട്ട് ചെയ്യാൻ മതിയായ സൗകര്യം ഒരുക്കാനും നിർദ്ദേശമുണ്ട്. ഈ മാസം 13 നാണ് വോട്ടെണ്ണൽ.

❁❁❁❁❁❁❁❁❁❁❁❁❁

## SIR -KERALA

സംസ്ഥാനത്ത് ഇന്നലെ വരെ രണ്ട് കോടി 73 ലക്ഷത്തി 67,000 ത്തിൽപ്പരം എന്യൂമറേഷൻ ഫോമുകൾ ഡിജിറ്റൈസ് ചെയ്തതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ U കേൽക്കർ അറിയിച്ചു. വിതരണം ചെയ്ത ഫോമുകളുടെ 98. 26 ശതമാനമാണിത്.

❁❁❁❁❁❁❁❁❁❁❁❁❁

## MICROSOFT-P M NARENDRA MODI

മൈക്രോസോഫ്റ്റിന്റെ ഏഷ്യയിലെ ഏറ്റവും വലിയ നിക്ഷേപത്തെ സ്വാഗതം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി . മൈക്രോസോഫ്റ്റ് ഇതുവരെ നടത്തിയിട്ടുള്ളതിൽ വച്ച്

ഏറ്റവും വലിയ നിക്ഷേപം നടത്തുന്ന ഇടമായി ഇന്ത്യ മാറുന്നതിൽ സന്തോഷമുണ്ടെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു . മൈക്രോസോഫ്റ്റ് ചെയർമാനും സിഇഒയുമായ സത്യ നാദെല്ലയുടെ സമൂഹ മാധ്യമ പോസ്റ്റിൽ പ്രതികരിക്കുകയായിരുന്നു ശ്രീ മോദി. രാജ്യത്തെ എഐ മേഖലയിൽ ശുഭാപ്തിവിശ്വാസം പ്രകടിപ്പിച്ച പ്രധാനമന്ത്രി എഐയുടെ ശക്തി നവീകരിക്കാൻ രാജ്യത്തെ യുവാക്കൾ ഈ അവസരം പ്രയോജനപ്പെടുത്തുമെന്നും പറഞ്ഞു. രാജ്യത്തെ അഭിലാഷങ്ങളെ പിന്തുണയ്ക്കുന്നതിനായി മൈക്രോസോഫ്റ്റ് 17 ബില്യൺ യുഎസ് ഡോളറിലധികം നിക്ഷേപിക്കാൻ പ്രതിജ്ഞാബദ്ധമാണെന്ന് സത്യാ നാദെല്ല സമൂഹമാധ്യമത്തിൽ പറഞ്ഞു.

## INTERNATIONAL HUMAN RIGHTS DAY

ഇന്ന് അന്താരാഷ്ട്ര മനുഷ്യാവകാശ ദിനം. 1948-ൽ ഐക്യരാഷ്ട്രസഭയുടെ പൊതുസഭ മനുഷ്യാവകാശങ്ങളുടെ സാർവത്രിക പ്രഖ്യാപനം അംഗീകരിച്ചതിന്റെ ഓർമയ്ക്കാണ് ഡിസംബർ 10 അന്താരാഷ്ട്ര മനുഷ്യാവകാശ ദിനമായി ആചരിക്കുന്നത്. എല്ലാവർക്കും പൊതു സേവനങ്ങളും അന്തസ്സും മനുഷ്യാവകാശം നമ്മുടെ ദൈനംദിന അവശ്യം എന്നതാണ് ഈ വർഷത്തെ പ്രമേയം. ഇന്ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന

മനുഷ്യാവകാശ ദിന പരിപാടികളിൽ രാഷ്ട്രപതി ദ്രൗപദി മുർമ്മു മുഖ്യാതിഥിയായി പങ്കെടുക്കും.

## DGCA-INDIGO DIRECTIVE

ഇൻഡിഗോയുടെ ശൈത്യകാല വിമാന സർവീസുകൾ 10 ശതമാനം കുറയ്ക്കാൻ നിർദേശം നൽകി ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ. തുടർച്ചയായ തടസ്സങ്ങളും അംഗീകൃത ഷെഡ്യൂൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ എയർലൈനിന് കഴിയാത്തതും ചൂണ്ടിക്കാട്ടിയാണ് ഈ തീരുമാനം . ഈ വർഷം നവംബറിൽ ഇൻഡിഗോയ്ക്ക് 64,346 വിമാനങ്ങൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 59,438 വിമാനങ്ങൾ മാത്രം സർവീസ് നടത്തുകയും 951വിമാനങ്ങൾ റദ്ദാക്കുകയും ചെയ്തു. പുതുക്കിയ ഷെഡ്യൂൾ വൈകുന്നേരം 5 മണിക്കുള്ളിൽ സമർപ്പിക്കാൻ ഡിജിസിഎ ഇൻഡിഗോയോട് ആവശ്യപ്പെട്ടു.

## IND VS SA T20

അഞ്ച് മത്സരങ്ങളുള്ള ഇന്ത്യ-ദക്ഷിണാഫ്രിക്ക ട്വന്റി- ട്വന്റി പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്കു ജയം. ഒഡീഷയിൽ നടന്ന മത്സരത്തിൽ 101 റൺസിനാണു ഇന്ത്യ ദക്ഷിണാഫ്രിക്കയെ

പരാജയപ്പെടുത്തിയത്. പരമ്പരയിലെ രണ്ടാമത്തെ മത്സരം നാളെ ചണ്ഡീഗഢിൽ നടക്കും. വൈകുന്നേരം 7 മണിക്കാണ് മത്സരം.

## WOMENS HOCKEY

എഫ്ഐഎച്ച് ഹോക്കി ജൂനിയർ വനിതാ ലോകകപ്പ് യോഗ്യതാ മത്സരത്തിൽ ഉറുഗ്വേയെ പരാജയപ്പെടുത്തി ഇന്ത്യ . സാന്റിയാഗോയിൽ നടന്ന മത്സരത്തിൽ ഓരോ ഗോൾ നേടി സമനിലയിൽ അവസാനിച്ച കളിയിൽ ഷൂട്ടൗട്ടിലൂടെ ഒന്നിനെതിരെ മൂന്നു ഗോളുകൾക്കാണ് ഇന്ത്യ വിജയം നേടിയത് . നാളെ നടക്കുന്ന മത്സരത്തിൽ ഇന്ത്യ സ്പെയിനിനെ നേരിടും.

## SQUASH WORLD CUP-INDIA WIN

ചെന്നൈയിൽ നടക്കുന്ന സ്ക്വാഷ് വേൾഡ് കപ്പ് പൂൾ ബി ഓപ്പൺ മത്സരത്തിൽ ഇന്ത്യക്കു മികച്ച വിജയം. നാലു പോയിന്റ് നേടിയാണ് സ്വിറ്റ്സർലൻഡിനെ ഇന്ത്യ പരാജയപ്പെടുത്തിയത്.

## AUSTRALIAN TEENS-SOCIAL MEDIA BAN

16 വയസ്സിന് താഴെയുള്ള കുട്ടികളുടെ സമൂഹമാധ്യമ അക്കൗണ്ടുകൾ നിരോധിച്ച ആദ്യ രാജ്യമായി ഓസ്ട്രേലിയ. നിരോധനം ലംഘിച്ചാൽ പുതിയ നിയമപ്രകാരം കമ്പനികൾക്ക് 32 മില്യൺ യുഎസ് ഡോളർ വരെ പിഴ ചുമത്തും. മാതാപിതാക്കളോ കുട്ടികളോ ശിക്ഷിക്കപ്പെടില്ല. ദോഷകരമായ ഉള്ളടക്കത്തിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുക എന്നതാണ് നിരോധനത്തിൻറെ ലക്ഷ്യമെന്ന് സർക്കാർ വ്യക്തമാക്കി.

## RBI GOVERNOR-BANK RATE CUTS

പ്രധാന പൊതു- സ്വകാര്യ മേഖലാ ബാങ്കുകളുടെ മേധാവിമാരുമായി റിസർവ് ബാങ്ക് ഗവർണർ സഞ്ജയ് മൽഹോത്ര മുംബൈയിൽ കൂടിക്കാഴ്ച നടത്തി. സുസ്ഥിര സാമ്പത്തിക വളർച്ചയെ പിന്തുണയ്ക്കുന്നതിനായി അടുത്തിടെ നടപ്പിലാക്കിയ നിരക്ക് കുറയ്ക്കൽ ഉപഭോക്താക്കൾക്ക് ഗുണകരമാകുന്ന രീതിയിൽ പ്രാവർത്തികമാക്കാൻ അദ്ദേഹം നിർദേശിച്ചു. റിപ്പോ നിരക്കിൽ 25 അടിസ്ഥാന പോയിൻറുകളുടെ കുറവാണ് ആർബിഐ വരുത്തിയിട്ടുള്ളത്. ഇതോടെ റിപ്പോ നിരക്ക് 5.5 ൽ നിന്നും 5.25 ശതമാനമായി കുറഞ്ഞു.

## NIA

കഴിഞ്ഞ മാസം നടന്ന ഡൽഹി ബോംബ് സ്ഫോടന കേസുമായി ബന്ധപ്പെട്ട പ്രധാന പ്രതിയെ ദേശീയ അന്വേഷണ ഏജൻസി അറസ്റ്റ് ചെയ്തു. ജമ്മു കാശ്മീരിലെ ബാരാമുള്ള സ്വദേശിയായ ബിലാൽ നസീർ മല്ലയാണ് അറസ്റ്റിലായത്. സംഭവവുമായി ബന്ധപ്പെട്ട് നേരത്തെ ഏഴ് പ്രതികളെ അറസ്റ്റ് ചെയ്തിരുന്നു.